**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2545** **24-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകത്വം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ സംരംഭകത്വം പദ്ധതിയിൻകീഴിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 18/06/2024 തീയതി വരെയുള്ള കണക്കുകൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ ആകെ 2,65,828പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ ആരംഭിച്ച സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മാത്രം 18/06/2024 തീയതി വരെയുള്ള കണക്കുകൾ പ്രകാരം 2,51,425 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് |
| (ബി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് വേണ്ടി വിവിധങ്ങളായ സൗകര്യങ്ങൾ വ്യവസായ വകുപ്പ് വഴി ഒരുക്കിയിട്ടുണ്ട്.<br><br>1. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>2. വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സണ്മാരെ നിയമിക്കുകയുംചെയ്തിട്ടുണ്ട്.<br><br>3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സണ്മാരെനിയമിച്ചിട്ടുണ്ട്.<br><br>4. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി |

| | | | |
|---|---|---|---|
| | | | വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ വഴി സംരംഭകർക്കാവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാകുന്നതാണ്.<br><br>കൂടാതെ സംസ്ഥാനത്ത് പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br><br>2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്<br><br>3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br><br>4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>5. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം<br><br>6. കരകൗശലവിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)<br><br>7. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)<br><br>8. പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി) |

സെക്ഷൻ ഓഫീസർ